**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1114

02.03.2017 ൽ മറുപടിയ്ക്ക്

## കോട്ടയം പട്ടണത്തിലെ റോഡുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കോട്ടയം പട്ടണത്തിലെ ഗതാഗത കുരുക്ക് ഒഴിവാക്കുന്നതിനായി നിർമ്മിച്ച പടിഞ്ഞാറൻ ബൈപാസ് എന്നത്തേയ്ക്ക് പണി പൂർത്തിയാക്കി ഗതാഗതത്തിനായി തുറന്നു കൊടുക്കുമെന്ന് അറിയിക്കാമോ; | (എ) കോട്ടയം പട്ടണത്തിലെ ഗതാഗത കുരുക്ക് ഒഴിവാക്കുന്നതിനായി നിർമ്മിച്ച പടിഞ്ഞാറൻ ബൈപാസ് 2017 ഏപ്രിൽ 30-ന് പണി പൂർത്തിയാക്കി ഗതാഗതത്തിനായി തുറന്നു കൊടുക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) കോട്ടയം നിയോജക മണ്ഡലത്തിൽ ട്രാഫിക് കുരുക്ക് ഒഴിവാക്കുന്നതിന് നിർമ്മിച്ച കോട്ടയം ഡെവലപ്മെന്റ് കോറിഡോർ, ഈരയിൽകടവ് പാലം എന്നിവയുടെ ടാറിംഗ് ജോലികളും അനുബന്ധ പ്രവർത്തനങ്ങളും എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ബി) കോട്ടയം നിയോജക മണ്ഡലത്തിൽ പുതുതായി നിർമ്മിച്ച ഈരയിൽകടവ് - മണിപ്പുഴ റോഡിൽ ബി.എം. & ബി.സി പ്രവൃത്തിയ്ക്കുള്ള 170 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ